**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4718** **02-07-2024 - ൽ മറുപടിയ്ക്ക്**

**സിവറേജ് കണക്ഷനുകളുടെ ബിൽ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സിവറേജ് കണക്ഷനുകൾക്ക് എപ്രകാരമാണ് ബിൽതുക കണക്കാക്കുന്നതെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളുടെ സിവറേജ് കണക്ഷന് എപ്രകാരമാണ് ബിൽ തുക കണക്കാക്കുന്നതെന്നും വിശദമാക്കാമോ; | (എ) | 21-11-2022 -ലെ G.O.(P)No.28/2022/WRD പ്രകാരം, ഉപഭോക്താക്കളുടെ ജലഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ള വാട്ടർ ചാർജിന്റെ നിശ്ചിത ശതമാനമനുസരിച്ചാണ് സിവറേജ് കണക്ഷനുകൾക്ക് ബിൽ തുക കണക്കാക്കുന്നത്.<br><br>25 കിലോ ലിറ്റർ വരെ ജല ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് വാട്ടർ ചാർജിന്റെ 11.02%-വും 25 കിലോ ലിറ്റർ മുതൽ 50 കിലോ ലിറ്റർ വരെ വാട്ടർ ചാർജിന്റെ 25%-വും 50 കിലോ ലിറ്ററിന് മുകളിൽ വാട്ടർ ചാർജിന്റെ 50%-വും ആണ് സിവറേജ് ചാർജായി ഈടാക്കുന്നത്. ഇത് കൂടാതെ സിവറേജ് കണക്ഷനുകളുടെ മെയിന്റനൻസ് പ്രവർത്തികൾക്കായി ഉപഭോക്താക്കളിൽ നിന്നും സ്ലാബ് അടിസ്ഥാനത്തിൽ ഒരു ഫിക്സഡ് ചാർജ് കൂടി ഈടാക്കുന്നുണ്ട്.<br><br>കുടിവെള്ള കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളുടെ സിവറേജ് കണക്ഷന് ഗാർഹിക വിഭാഗത്തിന് ഒരു യൂണിറ്റിന് (ഗാർഹിക കണക്ഷനുകളിൽ - സിവറേജ് കണക്ഷൻ നൽകിയ സ്ഥല പരിധിയിൽ ഉള്ള കെട്ടിടങ്ങളുടെ എണ്ണം അല്ലെങ്കിൽ ആ കെട്ടിടത്തിലെ വാട്ടർ കണക്ഷനുകളുടെ എണ്ണം ഇവയിൽ ഏതാണോ കൂടുതൽ അതിനെ ഒരു യൂണിറ്റായി കണക്കാക്കുന്നതാണ്) പ്രതിമാസം 200 രൂപയും ഗാർഹികേതര കണക്ഷനുകൾ/ നിർമാണ ആവശ്യങ്ങൾക്കായി എടുക്കുന്ന കണക്ഷനുകൾ/ വാണിജ്യ കണക്ഷനുകൾ എന്നിവക്ക് ഒരു യൂണിറ്റിന് (സിവറേജ് കണക്ഷൻ നൽകിയ സ്ഥല പരിധിയിൽ ഉള്ള കെട്ടിടങ്ങളുടെ എണ്ണം അല്ലെങ്കിൽ ആ കെട്ടിടത്തിലെ വാട്ടർ കണക്ഷനുകളുടെ എണ്ണം അതുമല്ലെങ്കിൽ ക്ലോസ്ഡ് ടോയ്‌ലറ്റ്/ക്ലോസ്ഡ് യൂറിനൽ യൂണിറ്റ് എന്നിവയുടെ എണ്ണം ഇവയിൽ ഏതാണോ കൂടുതൽ അതിനെ ഒരു യൂണിറ്റായി |

| | | | |
|---|---|---|---|
| | | | കണക്കാക്കുന്നതാണ്) പ്രതിമാസം 1000 രൂപയും ആണ് ഈടാക്കുന്നത്. |
| (ബി) | കുടിവെള്ള കണക്ഷൻ ഉണ്ടായിരിക്കുകയും അതുമുഖേന വളരെ കുറച്ച് മാത്രം ഉപയോഗിക്കുകയും ചെയ്യുന്ന ഉണഭോക്താക്കൾക്ക് എപ്രകാരമാണ് ബിൽ തുക കണക്കാക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | 25 കിലോ ലിറ്റർ വരെ ജല ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് വാട്ടർ ചാർജിന്റെ 11.02% മാത്രമാണ് സിവറേജ് ചാർജായി ഈടാക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജും ഈടാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ